# പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.499 — 02/07/2013 ൽ മറുപടിയ്ക്ക്

## അനധികൃത മണൽ കടത്ത് തടയുന്നതിന് ഇ - പാസ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.എ.വാഹീദ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) അനധികൃത മണൽ കടത്ത് തടയുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇ-പാസ്സ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) കരമണൽ(സാധാരണ മണൽ) ഉൾപ്പെടെ കേരളത്തിൽ ലഭ്യമായ എല്ലാ ധാതുക്കളുടെയും അനധികൃത കടത്ത് തടയുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇ-പാസ്സ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അംഗീകൃത ധാതു ഉൽപാദകരും ധാതു വിപണനം നടത്തുന്നവരും കമ്പ്യൂട്ടർ മുഖേന വകുപ്പ് വെബ് സൈറ്റിൽ നിന്നും യൂസർ നെയിമും പാസ്സ് വേഡും ഉപയോഗിച്ച് അനുവദിച്ചിട്ടുള്ള അളവിന്റെ അടിസ്ഥാനത്തിൽ ഇ-പാസ്സ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ടി പാസ്സിൽ 2 ഡി ബാർകോഡും, എസ്.എം.എസ് മുഖേന പാസ്സിന്റെ സാധുത അറിയുവാനുള്ള കോഡും ഉണ്ട ായിരിക്കുന്നതാണ്. കൂടാതെ ഏതൊരാൾക്കും വെബ് സൈറ്റിൽ നിന്നും ടി പാസ്സിന്റെ വിവരങ്ങൾ ലഭിക്കുന്നതുമാണ്. ടി പാസ്സ് ലഭിക്കുവാനായി ധാതുക്കൾ കയറ്റുന്ന വാഹനങ്ങൾ, വാഹന ഉടമകൾ തന്നെ എൻറോൾ ചെയ്യേണ്ട താണ്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇ-പാസ്സിന്റെ ലക്ഷ്യങ്ങളും മറ്റ് വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.<br>• അനധികൃത ധാതു കടത്ത് തടയുക.<br>• കൃത്യമായ രേഖകൾ ഉള്ളവർക്ക് മാത്രമേ ധാതുക്കൾ വാങ്ങി വിപണനം നടത്താനാവൂ എന്നത് ഉറപ്പാക്കുക.<br>• ധാതുക്കൾ കയറ്റുന്ന വാഹനങ്ങൾ എൻറോൾ ചെയ്യുന്നതുവഴി ശരിയായ വാഹനത്തിൽ തന്നെ ധാതുക്കൾ കയറ്റുന്നു എന്നും കൃത്യമായ അളവ് കയറ്റുന്നു എന്നും ഉറപ്പാക്കുക.<br>• പാസ്സുകൾ കമ്പ്യൂട്ടർ ജനറേറ്റ് ചെയ്യുന്നതിനാൽ ആയത് ഒറിജിനലാണോ എന്ന് ഏതൊരാൾക്കും തിട്ടപ്പെടുത്താൻ കഴിയുക.<br>• ധാതുക്കൾ ഉല്പാദിപ്പിക്കുന്നവർ അവരുടെ ദിനം പ്രതിയുള്ള ഉല്പാദനം വകുപ്പ് ഡാറ്റാബേസിൽ അപ്‌ലോഡ് ചെയ്യുക . |

- ധാതു ഉല്പാദകരുടെയും വിപണനം നടത്തുന്നവരുടെയും കണക്കുകൾ ഡിപ്പാർട്ട്മെന്റിന് ദിനം പ്രതി ലഭ്യമാക്കുക.
- പാസ്സിൽ വെട്ടും തിരുത്തലും വരുത്തി ദുരുപയോഗം ചെയ്യുന്നത് തടയുക.

(സി) മണൽകടത്തുകാരും ഉദ്യോഗസ്ഥരും ചേർന്ന് പാസ്സുകളിൽ കൃത്രിമം കാട്ടി നടത്തുന്ന മണൽ കടത്ത് തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) കര മണൽ ഉൾപ്പടെയുള്ള ധാതുക്കൾ വാഹനങ്ങളിൽ കയറ്റുവാൻ വാഹനങ്ങൾ എൻറോൾ ചെയ്യേണ്ടതാണ്. ഇപ്രകാരം എൻറോൾ ചെയ്യുന്ന വാഹനങ്ങൾ വകുപ്പ് തലത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് മുഖാന്തിരം പരിശോധന നടത്തുന്നതാണ്. ടി പാസ്സുകൾ ജനറേറ്റ് ചെയ്യുവാൻ യൂസർ നെയിമും പാസ്സ് വേർഡും നൽകുന്നതാണ്. മൊബൈൽ ഫോണിൽ എസ്എംഎസ് ആയി പാസ്സ് കോഡ് ലഭിച്ചാലേ പാസ്സ് ജനറേറ്റാവുകയുള്ളൂ. പാസ്സിലുള്ള എല്ലാ വിവരങ്ങളും പ്രിന്റ് ചെയ്യുന്നതിനാൽ വെട്ടലുകളും തിരുത്തലുകളും സാധിക്കുകയില്ല. പാസ്സിലുള്ള കോഡ് നമ്പർ എസ്.എംഎസ് അയച്ചാൽ ഏതൊരാൾക്കും പാസ്സ് ഒറിജിനലാണോ എന്ന് അറിയുവാൻ കഴിയും. പാസ്സിൽ വാട്ടർ മാർക്ക് ഉണ്ടാവും. ഉൽപാദകന്റെ/ വിപണനം നടത്തുന്ന വ്യക്തിയുടെ ഒപ്പും വെബ് സൈറ്റ് മുഖാന്തിരം പരിശോധിക്കുവാൻ സാധിക്കും.

(ഡി) ഭരണ തലത്തിൽ ഇതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്?

(ഡി) ഇ-പാസ് പ്രോജക്ട് ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) മുഖാന്തിരം നടപ്പിലാക്കിവരുന്നു. ഇതിനായി സോഫ്റ്റ് വെയർ തയ്യാറാക്കുവാനുള്ള തുക NICക്ക് നൽകുകയും, NIC സോഫ്റ്റ് വെയർ ഡെവലപ്മെന്റ് ഏകദേശം പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.

2013 സെപ്തംബർ മാസം ഇതിന്റെ പൈലറ്റ് ടെസ്റ്റിങ് നടത്തിയതിനുശേഷം പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഹാർഡ് വെയറിനുള്ള സപ്ലൈ ഓർഡർ നൽകിയിട്ടുള്ളതും ആയത് ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ടി പ്രൊജക്ട്

നടപ്പിലാക്കുന്ന മുറയ്ക്ക് 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതാണ്.

**സെക്ഷൻ ഓഫീസർ**